## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവര പട്ടികയിലെ 4(1) പ്രകാരമുള്ള കടലാസ്സുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2002–2003 മുതൽ 2006–2007 വരെ യുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട തിരുത്തൽ സ്റ്റേറ്റ്മെന്റുകൾ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യവിവര പട്ടികയിലെ 4 (2) (1) പ്രകാരമുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3017 ആറാം സമ്മേളനത്തിലെ 1750 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്കുള്ള മറുപടികളും യഥാസമയം മറുപടി നൽകുവാൻ സാധി ക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കാര്യവിവര പട്ടികയിലെ 4(2) (2) പ്രകാരമുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1848 ആറാം സമ്മേളനത്തിലെ 943 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതി രുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## റിപ്പോർട്ട് സമർപ്പണം

**കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്**

1. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച.സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

**2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്**

2. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ പാലക്കാട് ജില്ലാ സന്ദർശനത്തിന്റെ നാലാമത് റിപ്പോർട്ട്**

3. ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ അദ്ധ്യക്ഷനായ ഞാൻ പാലക്കാട് ജില്ലാ സന്ദർശനം സംബന്ധിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.